GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

23-05-2021

## കാർഷികമേഖലാവാർത്തകൾ

### 1. അറിയിപ്പ് – ജൈവജീവാണുവളങ്ങൾ ഓപ്പൺ ലേണിങ്ങ് കോഴ്സ്

കേരള കാർഷിക സർവകലാശാലയുടെ ഈ പഠകേന്ദ്രം 'ജൈവജീവാണു വളങ്ങൾ' എന്ന വിഷയത്തിൽ മാസീവ് ഓപ്പൺ ലേണിങ്ങ് കോഴ്സ് സംഘടിപ്പിക്കുന്നു. 2021 മേയ് 24 ന് ആരംഭിക്കുന്ന കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം മേയ് 23 ആണ്. 'KAU MOOC' എന്ന പ്ലാറ്റ് ഫോമിലൂടെ മലയാളത്തിൽ പരിശീലിപ്പിക്കുന്ന ഈ കോഴ്സ് 24 ദിവസം ദൈർഘ്യമുള്ളതാണ്. കോഴ്സ് പൂർത്തിയാകുമ്പോൾ പരീക്ഷയിൽ പങ്കെടുത്ത് പാസാകുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് അടയ്ക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന മെയിലിലോ 9567190858, 7994076410, 9497353389 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

### ഓൺലൈൻ പരിശീലനങ്ങൾ

**2.** കാർഷിക സർവ്വകലാശാല, വെള്ളായണി കാർഷിക കോളേജ്, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗം ഭക്ഷ്യ സംസ്കരണ രംഗത്തേയ്ക്ക് കടക്കുവാനാഗ്രഹിക്കുന്ന യുവതീയുവാക്കൾക്കായി 'ഭക്ഷ്യ സംസ്കരണം – സംരഭകത്വ സാധ്യതകൾ' എന്ന പേരിൽ 15 ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടി (5 ദിവസം വീതമുള്ള 3 ഘട്ടങ്ങളിലായി) സംഘടിപ്പിക്കുന്നു. ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിനും യുവതീയുവാക്കളെ ഭക്ഷ്യസംസ്കരണ രംഗത്തേയ്ക്ക് ചുവടുവെയ്ക്കാൻ സഹായിക്കുന്നതിനുമായാണ് ഈ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ഇതിന്റെ തുടർച്ചയെന്നോണം സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് സർവ്വകലാശാല വിദഗ്ധരുടെ മേൽനോട്ടത്തിൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തനം ആരംഭിക്കുന്ന ടെക്നോ ഇൻകുബേഷൻ സെന്ററിന്റെ അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗിക്കുവാനുള്ള അവസരം ലഭ്യമാക്കുന്നതാണ്. ഈ പരിശീലനപരിപാടിയുടെ ഒന്നാംഘട്ടം 25.05.2021 മുതൽ 29.05.2021 വരെ നടത്തുന്നതാണ്. താല്പര്യമുള്ളവർ http://coavellayani.kau.in/ എന്ന വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന ലിങ്കിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

---

3. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ'** ആധാരമാക്കി കർഷകോൻമുഖവിദഗ്ധഭാഷണ പരമ്പരയ്ക്ക് നാളെ (24-05-2021 ) തുടക്കം കുറിയ്ക്കുന്നു. 24-05-2021 **ന്** ഉച്ചകഴിഞ്ഞ് 2.30 ന് സർവകലാശാല പ്രഫസർ ഡോ അല്ലിയുടെ **'മഴക്കാലത്തെ തീറ്റക്രമവും നൂതന തീറ്റ സമ്പ്രദായങ്ങളും' എന്ന** വിഷയാവതരണവും തുടർന്ന് അസിസ്റ്റന്റ് പ്രൊഫസർ ഡോ സജിത് പുരുഷോത്തമന്റെ പ്രഭാഷണവും ഉണ്ടായിരിക്കുന്നതാണ്. കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾക്കായി ഫോൺ കാളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9446625160 / 9895213500**

4. **റബ്ബർമേഖലയിലെ** സംരംഭകത്വവികസനത്തിനായി റബ്ബർബോർഡ് **മെയ് 25-ന്** ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. ഷീറ്റുറബ്ബർനിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിലെ സംരംഭകത്വസാധ്യതകളാണ് പരിശീലന വിഷയം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127**എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ് നമ്പറിലും ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

5. **തിരുവനന്തപുരം** വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും 25-05-2021 ന് ഫേസ്ബുക്ക് ലൈവിലൂടെ ഓൺലൈൻ പരിശീലനങ്ങൾ നൽകുന്നു. 'മാങ്ങയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ' എന്ന വിഷയത്തിൽ ഡോ ദേവിക ഐ രാവിലെ 10.00 നും 'ശാസ്ത്രീയ കൂൺകൃഷി' എന്ന വിഷയത്തിൽ ശ്രീമതി ബിന്ദു ആർ മാത്യൂസ് രാവിലെ 11.30 നുമാണ് പരിശീലനം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9788690044 / 9446911451 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. **വിള പരിപാലന നിർദ്ദേശങ്ങൾ – കമുക് കർഷകരുടെ ശ്രദ്ധയ്ക്ക്**

കമുകിൽ പുതിയ പൂക്കുലകൾ വരുന്ന കാലമാണ്. കുരുത്തോല ചാഴി, മഞ്ഞളിപ്പ് മുതലായ കീട രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക. മഞ്ഞളിപ്പ് കാണുകയാണെങ്കിൽ വിദഗ്ധ ഉപദേശം തേടി നിയന്ത്രണമാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.